# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/175/2018 2018 ആഗസ്റ്റ് 10

## പത്രക്കുറിപ്പ്

**എം.ജി. ഡിഗ്രി ഏകജാലകം: ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ പ്രവേശനത്തിന് അർഹത നേടിയവർ ആഗസ്റ്റ് 13ന് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ആഗസ്റ്റ് 13ന് വൈകീട്ട് 4.30ന് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 13നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**അപേക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷയ്ക്ക് പിഴയില്ലാതെ ആഗസ്റ്റ് 14 വരെയും 50 രൂപ പിഴയോടെ 16 വരെയും 500 രൂപ സൂപ്പർഫൈനോടെ ആഗസ്റ്റ് 17 വരെയും അപേക്ഷിക്കാം. നിലവിൽ ഫീസടച്ചിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഫീസടയ്ക്കേണ്ടതില്ല.

**പരീക്ഷാഫലം**

2017 ഒക്ടോബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ നാലും ആറും സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്/പഞ്ചവത്സരം - റഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 21 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.സി.എ. (2016 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ മാത്രം, 2011 - 2015 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ & സ്റ്റാസ്)/ ലാറ്ററൽ എൻട്രി കോഴ്സ് (2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 23 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ എൽ.ഡി. & ഐ.ഡി. (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 23 വരെ അപേക്ഷിക്കാം.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പരീക്ഷാ സെക്ഷനുകളുടെ സ്ഥലപരിമിതികൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ച സിൽവർ ജൂബിലി പരീക്ഷാഭവന്റെ നാലും അഞ്ചും നിലകളുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**